# കിർഗിസ്താൻ കലാപം

**മധ്യേഷ്യയിലെ** കിർഗിസ്താനിൽ ആഴ്ചകളായി രൂക്ഷമായ വംശീയകലാപം നടമാടുകയാണ്. രണ്ടായിരത്തിലധികം ആളുകൾ ഇതിനകം കൊല്ലപ്പെട്ടു. അഞ്ചു ലക്ഷത്തോളം പേർ ഭവനരഹിതരായി. കലാപബാധിതർ തൊട്ടടുത്ത ഉസ്ബകിസ്താനിലേക്കും മറ്റും പലായനം ചെയ്തുകൊണ്ടിരിക്കുകയാണ്. അഭയാർഥി പ്രവാഹം അനിയന്ത്രിതമായതിനെത്തുടർന്ന് ഉസ്ബകിസ്താൻ അതിർത്തി അടച്ചിട്ടിരിക്കുകയാണിപ്പോൾ. കലാപത്തിന്റെ വിപത്തുകൾ രാജ്യത്തുള്ള വിദേശ പൗരന്മാരെയും ബാധിച്ചിരിക്കുന്നു. ചൈനയും തുർക്കിയും നേരത്തെ തന്നെ അവരുടെ പൗരന്മാരെ മോചിപ്പിച്ചിരുന്നു. കുറെ കഷ്ടപ്പെട്ട ശേഷമാണെങ്കിലും കിർഗിസ്താനിലുണ്ടായിരുന്ന ഇന്ത്യക്കാരും തിരിച്ചെത്തിയിട്ടുണ്ട്.

ചെറുതെങ്കിലും മധ്യേഷ്യയിലെ തന്ത്രപ്രധാനമായ രാജ്യമാണ് കിർഗിസ്താൻ. ജനസംഖ്യ കേവലം 55 ലക്ഷം. അതിൽ 70 ശതമാനം കിർഗികൾ. 15 ശതമാനം ഉസ്ബക് വംശജരും 10 ശതമാനം റഷ്യൻ വംശജരും. ബാക്കിയുള്ളവർ മറ്റു പല വംശങ്ങളിൽനിന്നുള്ളവരാണ്. മുസ്‌ലിംകളാണ് ജനസംഖ്യയിൽ ഭൂരിപക്ഷം. നേരത്തെ സോവിയറ്റ് യൂനിയന്റെ ഭാഗമായിരുന്ന കിർഗിസ്താൻ റഷ്യ ശിഥിലമായതോടെയാണ് സ്വതന്ത്ര രാഷ്ട്രമായത്. റഷ്യയിൽനിന്ന് മോചിതമായപ്പോൾ കിർഗിസ്താനിൽ ജനാധിപത്യ സ്വാതന്ത്ര്യങ്ങളും പത്രങ്ങളുമൊക്കെ അനുവദിക്കപ്പെട്ടുവെങ്കിലും കമ്യൂണിസ്റ്റ് വാഴ്ചയുടെ ചില അവശിഷ്ടങ്ങൾ നിലനിന്നു. ആദ്യ പ്രസിഡന്റ് അസ്കർ അകായേവിന്റെ സ്വേച്ഛാ ദുർഭരണത്തിൽ രാജ്യത്തിന്റെ വികസന മോഹങ്ങൾ കരിഞ്ഞുപോയി. 2005-ൽ ജനകീയ പ്രക്ഷോഭത്തിൽ അകായേവ് പുറത്താക്കപ്പെട്ടു. തുടർന്ന് കുർമാൻ ബാക്കിയേവ് അധികാരത്തിലേറി.

ബാകിയേവ് ഭരണവും ഒട്ടും മെച്ചമായിരുന്നില്ല. സ്വേച്ഛാ പ്രമത്തതയും സ്വജനപക്ഷപാതവും അഴിമതിയും മനുഷ്യാവകാശ ലംഘനങ്ങളുമെല്ലാം അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടു. ഇതിനൊക്കെ പുറമെയാണ് കഴിഞ്ഞ ജൂലൈയിൽ നടന്ന തെരഞ്ഞെടുപ്പിലുണ്ടായ വ്യാപകമായ തിരിമറികൾ. ഇക്കാര്യം അന്താരാഷ്ട്ര നിരീക്ഷകർ സാക്ഷ്യപ്പെടുത്തിയതാണ്. നിരാശരായ ജനം ബാകിയേവിനെതിരെ തെരുവിലിറങ്ങുകയായിരുന്നു. കഴിഞ്ഞ ഏപ്രിലിൽ ബാകിയേവിന് രാജ്യം വിട്ടോടേണ്ടിവന്നു. ബാകിയേവ് മന്ത്രിസഭയിൽ അംഗമായിരുന്ന റോസ ഒടുൻബയേവയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു. ഈ വർഷം ഒക്ടോബറിൽ പൊതുതെരഞ്ഞെടുപ്പ് നടത്തുമെന്നായിരുന്നു താൽക്കാലിക ഗവൺമെന്റിന്റെ വാഗ്ദാനം. അത് അടുത്ത വർഷത്തേക്ക് നീട്ടിവെച്ചത് ജനങ്ങളെ വീണ്ടും ക്ഷുഭിതരാക്കി. ഈ ക്ഷോഭമാണ് ഇപ്പോൾ വംശീയ ലഹളയുടെ രൂപം പ്രാപിച്ച് രാജ്യത്തെ ചുട്ടെരിച്ചുകൊണ്ടിരിക്കുന്നത്.

രാഷ്ട്രീയ പ്രക്ഷോഭം എങ്ങനെ വംശീയ കലാപമായി രൂപാന്തരപ്പെട്ടു എന്ന് അന്വേഷിച്ചാൽ അതിന്റെ വേരുകൾ വൻശക്തി താൽപര്യങ്ങളിൽ കണ്ടെത്തേണ്ടിവരും. പഴയ സോവിയറ്റ് യൂനിയന്റെ ഭാഗമായിരുന്ന കിർഗിസ്താനിൽ റഷ്യക്ക് വിപുലമായ സാമ്പത്തിക-സൈനിക താൽപര്യങ്ങളുണ്ട്. ആ രാജ്യവുമായി റഷ്യക്ക് സൈനിക സഹകരണ കരാറുമുണ്ടായിരുന്നു. കലാപം മൂർഛിച്ചപ്പോൾ താൽക്കാലിക പ്രസിഡന്റ് ഒടുൻ ബയേവ റഷ്യയുടെ സഹായം തേടുകയുണ്ടായി. പക്ഷേ ജോർജിയയിൽ ചെയ്തതുപോലെ റഷ്യക്ക് പെട്ടെന്ന് സൈനിക ഇടപെടൽ നടത്താവുന്ന പരുവത്തിലല്ല കിർഗിസ്താൻ. കലാപത്തിന് രണ്ടുനാൾ മുമ്പ് റഷ്യൻ എയർഫോഴ്സിന്റെ ഒരു ബ്രിഗേഡിനെ അങ്ങോട്ടയച്ചിരുന്നു. റഷ്യൻ താൽപര്യങ്ങൾ സംരക്ഷിക്കുക മാത്രമായിരുന്നു അതിന്റെ ദൗത്യം. കലാപം തുടങ്ങിയ ശേഷം അമേരിക്ക ഒരു പ്രത്യേക ദൂതനെയും അങ്ങോട്ടയച്ചിട്ടുണ്ട്. സ്ഥിതിഗതികൾ നേരിട്ട് കണ്ട് വിലയിരുത്തുകയാണ് ലക്ഷ്യം. അമേരിക്കയുടെ സുപ്രധാനമായ സൈനികത്താവളമാണ് കിർഗിസ്താൻ. അമേരിക്കൻ സൈന്യത്തിന്റെ അഫ്ഗാൻ ആക്രമണങ്ങൾ

നിയന്ത്രിക്കുന്നത് ഇവിടെ നിന്നാണ്. റഷ്യക്കും ചൈനക്കും തൊട്ടു കിടക്കുന്ന ഈ താവളം അമേരിക്കയുടെ ഭാവി സൈനിക നീക്കങ്ങളുടെയും നിർണായക ഘടകമണ്.

ഒടുൻ ബയേവ അധികാരമേറ്റ ശേഷം അമേരിക്കൻ സൈനിക താവളത്തെക്കുറിച്ച് വിവാദങ്ങളുയർന്നു. അത് താവളം അവസാനിപ്പിക്കുന്നതു സംബന്ധിച്ച ചർച്ചയിൽ വരെ എത്തി. ഈ ഘട്ടത്തിലാണ് താൽക്കാലിക ഗവൺമെന്റിനെതിരെ പ്രക്ഷോഭം മൂർഛിക്കുന്നതും അത് വംശീയ കലാപമായി രൂപപ്പെടുന്നതും. മുൻ പ്രസിഡന്റ് കുർമാൻ ബാകിയേവിന്റെ ഒരു പുത്രി ഇപ്പോൾ ലണ്ടനിലാണ്. അവരെ വിട്ടുകിട്ടണമെന്ന് കിർഗിസ്താൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ശക്തമായ ഇസ്‌ലാമിക വികാരമുള്ളവരാണ് കിർഗിസ്താൻ ജനത. അവർക്കിടയിലെ ഇസ്‌ലാമിക സംഘടനകളിൽ ചിലതിന് രാഷ്ട്രീയ ലക്ഷ്യങ്ങളുമുണ്ട്. മറുവശത്ത് ചില രാഷ്ട്രീയ സംഘടനകൾ കമ്യൂണിസ്റ്റ് വാഴ്ചയുടെ പൈതൃകം പേറുന്ന നിർമതരാണ്.

കിർഗിസ്താനിൽ സ്വന്തം സ്വാധീനം വളർത്താനും സൈനിക താവളം നിലനിർത്താനും റഷ്യയുടെ സ്വാധീനം ക്ഷയിപ്പിക്കാനുമാണ് അമേരിക്കയുടെ ശ്രമം. അമേരിക്കൻ സ്വാധീനത്തിന് തടയിടാനും സ്വന്തം സ്വാധീനം ഊട്ടിയുറപ്പിക്കാനും റഷ്യയും ശ്രമിക്കുന്നു. അവിടെ നടക്കുന്നത് പ്രത്യക്ഷത്തിൽ വംശീയ കലാപമാണെങ്കിലും യഥാർഥത്തിൽ സാമ്രാജ്യത്വ താൽപര്യങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ്. ■